മിസ്റ്റർ കെ. എസ്സ്. പണിക്കർ: Pay revision-ൽ ൧൦൦ മുതൽ ൧൪൦ വരെയുള്ള ഗ്രേഡുകൾ ൧൪൦ മുതൽ ൫൦൦ വരെയാക്കിയപ്പോൾ ആ ഗ്രേഡ് കൊടുക്കാത്ത ഉദ്യോഗങ്ങൾ ഇതു മാത്രമല്ലേയുള്ളൂ?

റാവുബഹദൂർ ടി. കെ. നായർ: വേറെവല്ലതും ഉണ്ടോയെന്നു പറയണമെങ്കിൽ അതിന്നു് നോട്ടീസ്സു് വേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ രണ്ടു ഉദ്യോഗങ്ങൾ മാത്രമേയുള്ളുവെങ്കിൽ അവക്കും ഈ ഗ്രേഡു് കൊടുക്കുവാൻ ദയവുണ്ടാകുമോ?

റാവുബഹദൂർ ടി. കെ. നായർ: ൧൦൦ മുതൽ ൧൪൦ വരെയുണ്ടായിരുന്ന ഗ്രേഡു് ൧൪൦ മുതൽ ൫൦൦ വരെയുള്ള ഗ്രേഡാക്കിയപ്പോൾ ഇവക്കു് ൧൫൪ മുതൽ ൧൭൪ വരെയാക്കുകയാണു് ചെയ്തതു്. അതു് ന്യായമല്ലെന്നു് തോന്നുകയാണെങ്കിൽ തീർച്ചയായിട്ടും അതിനെപ്പറ്റി ആലോചിക്കുന്നതാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എതെല്ലാം കാര്യങ്ങൾ നോക്കീട്ടാണു് ഫാക്ടറി കച്ചേരിയിലെ സൂപ്രണ്ടുമാരുടേയും, കൺട്രോളർ ആപ്പീസ്സിലെ സൂപ്രണ്ടുമാരുടേയും, ആഫീസ്സുമാനേജർമാരുടേയും ഗ്രേഡു് ൧൪൦ മുതൽ ൫൦൦ വരെയാക്കിയതെന്നു് പറയാമോ?

റാവുബഹദൂർ ടി.കെ. നായർ: ഈ രണ്ടു് ആളുകളുടെ കാര്യം ഇങ്ങിനെ വെക്കുന്നതിന്നു പ്രത്യേകം വല്ല കാരണവും ഉണ്ടോയെന്നു് നോക്കി ആ കാരണങ്ങൾ അന്യായമാണെങ്കിൽ അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ പി. ശങ്കരമേനോൻ: ഈ ഫാക്ടറി ഇൻസ്പക്ടർമാരുടെ നിയമനം ഉണ്ടായതു് എന്നാണു്?

റാവുബഹദൂർ ടി. കെ. നായർ: കുറച്ചുകാലമായിട്ടുണ്ടു്.

മിസ്റ്റർ പി. ശങ്കരമേനോൻ: Pay revision committee വെച്ചതിന്നു് എത്ര അടുത്തായിരിക്കും ഈ പോസ്റ്റു് ഉണ്ടാക്കിയതെന്നു് പറയാമോ?

റാവുബഹദൂർ ടി. കെ. നായർ: അതിപ്പോൾ പറയുവാൻ സാദ്ധ്യമല്ല.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഈ ഫാക്ടറി ഇൻസ്പക്ടർമാരായി രണ്ടു പേരുള്ളതിൽ ഓരോരുത്തർക്കും എത്ര കൊല്ലത്തെ സർവ്വീസ്സുവീതം ഉണ്ടെന്നു് പറയാമോ?

റാവുബഹദൂർ ടി. കെ. നായർ: അതിന്നു നോട്ടീസ്സു വേണം.

മിസ്റ്റർ പി. കെ. ഡിവർ: Pay revision committee വെച്ചതിന്നു് അടുത്തുണ്ടായിട്ടുള്ള ഉദ്യോഗങ്ങൾക്കും ശമ്പളം കൂട്ടീട്ടില്ലെ?

റാവുബഹദൂർ ടി. കെ. നായർ: ഉണ്ടായിരിക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ശമ്പളപരിഷ്കരണത്തെ സംബന്ധിച്ച files എല്ലാം ആലോചനയിലിരിക്കുമ്പോൾ തന്നെ ഗവർമ്മെണ്ടു് ചില ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൂട്ടീട്ടില്ലെ?

Mr. President: This is about some other officers.

റാവുബഹദൂർ ടി. കെ. നായർ: ഉവ്വു്.

TOBACCO 'A' CLASS LICENSEES—PARTICULARS REGARDING

307. Mr. P. T. Jacob (*Latin Christians-Mattancheri*): Will Government be pleased to state.—

(*a*) how many tobacco 'A' class licensees are there in Ernakulam and who are they;

(*b*) have they, according to the stipulations in the auction notification imported and stocked more than one company's brands of cigarettes; if the answer is in the affirmative from what companies have they so imported, if not, what steps had the Government taken to implement the auction conditions;

(*c*) had the Excise Department addressed any communications to these 'A' class licensees regarding the stocking of more than one Company's brands of cigarettes, what replies did the Government receive from them;

(*d*) had they complied with the order of the Government, or have any one of these 'A' class licensees flouted the said Government order;

(*e*) will Government be pleased to place on the Council table, the correspondence, if any between the said 'A' class licensees and the Government;

LIBRARY ARCHIVES Kerala Legislative Assembly

(*f*) what are the brands of cigarettes in which the 'Imperial Tobacco Company of India, Ltd., is dealing in and has their monopoly?

Mr. Parambi Lonappen (*Minister for Revenue*):

(*a*) There are two tobacco 'A' class licensees at Ernakulam. They are Messrs Alumkaparambil Sultan Pillai Bava and Alumkaparambil Kadirkutty Mammu.

(*b*) Yes. They have stocked cigarettes of different companies in their shops as required in the sale notification. Imperial Tobacco Co., National Tobacco Co., Micropole & Co. and American Tobacco Co.

(*c*) & (*d*) This is a condition of the Tobacco General sales Notification. And it is being enforced. There was no occasion for any special correspondence.

(*e*) Does not arise in view of the answer above.

(*f*) Scissors, Wills' Navy Cut, Gold Flake, Capstan and Navy Cut are some of the brands of cigarettes of the Imperial Tobacco Company. Government have no information whether they have any monopoly over these brands.

CLOTH DISTRIBUTION—DETAILS REGARDING

308. മിസ്റ്റർ കെ. എച്ച്. സുലൈമാൻ: താഴെ പറയുന്ന ചോദ്യത്തിന്മേൽ ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമോ.—

തുണിവിതരണം ഭക്ഷ്യവകുപ്പ് ഏറെറടുത്തതിനുശേഷം തുണപ്പീടികകളിൽ, റേഷൻകാർഡനുസരിച്ച് വാങ്ങാൻ ചെന്നാൽ, 'സ്റ്റോക്കില്ല, സ്റ്റോക്കില്ല' എന്നു പറഞ്ഞു മടക്കി അയക്കുന്ന പതിവ് സാധാരണമായിത്തീർന്നിരിക്കുന്നു എന്നു കാണിച്ച് പരാതികൾ ഗവണ്മെണ്ടിനു കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഇല്ല.

PURCHASES OF HORSES—PARTICULARS OF

309. മിസ്റ്റർ പി. മാണി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) അടുത്ത കാലത്തു സ്റ്റോറിലേക്കു കുതിരകളെ വാങ്ങുവാൻ ആരെയെങ്കിലും അയച്ചിരുന്നോ;

(ബി) ഉണ്ടെങ്കിൽ അതാരെയാണ്?

റാവുബഹദൂർ ടി. കെ. നായർ: (എ) & (ബി) കൊച്ചിൻ സ്റ്റോറ് ഫോഴ്സിലെ ആവശ്യത്തിനല്ലാതെ കുതിരയെ മേടിപ്പാൻ ആരേയും അയച്ചിട്ടില്ല.

IMMORAL TRAFFIC IN THE STATE—DETAILS REGARDING

310. Mrs. T. Francis (*Ernakulam-Women*): Will Government be pleased to state.—

(*a*) have the Government ascertained the number of brothels in Cochin State before they decided to introduce the Immoral Traffic Bill in this Council;

(*b*) have the Government taken any steps to prevent the immoral traffic at least within the Municipal areas of Cochin in keeping with the spirit of the resolution tabled by me in this Council (Resolution No. 94, VI Council, Budget Session 1122)?

Mr. Parambi Lonappen (*Minister for Revenue*):

(*a*) No.

(*b*) No. It is in view of such resolutions tabled in the Legislative Council that Government have now decided to introduce necessary legislation for the suppression of immoral traffic.

NELLAYI CONSTITUENCY—ISSUE OF NEW LICENSES FOR WHOLESALE AND RETAIL SAILS OF TEXTILES

311. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) ൧൧൨൨ ചിങ്ങമാസത്തിനും മിഥുനമാസത്തിനും ഇടയിൽ നെല്ലായി നിയോജകമണ്ഡലത്തിൽപെട്ട സ്ഥലങ്ങളിൽ ടെക്സ്റ്റൈൽ റീട്ടെയിൽ ഔൻ ഹോൾസെയിൽ ലൈസൻസ്സു പുതിയതായി ആർക്കെല്ലാം കൊടുത്തിട്ടുണ്ട്;

(ബി) വല്ലവരുടേയും ലൈസൻസ്സു കാൻസൽ ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെന്നു വരികിൽ എന്താണ് കാരണം;

(ഡി) ലൈസൻസ്സു കാൻസൽ ചെയ്തവരുടെ പേരുവിവരം മേശപ്പുറത്തു വയ്ക്കാമോ;

(ഇ) ഈയതിനെസംബന്ധിച്ച് എന്തെങ്കിലും ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly